POLICE DEPARTMENT

KERALA

**No. K10-60310/2014/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
തീയതി. 06-07-2014

## സർക്കുലർ.16/2014

വിഷയം: എസ്.സി/എസ്.ടി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിലും തുടർനടപടികളിലും അനുവർത്തിക്കേണ്ട മാർഗനിർദേശങ്ങൾ സംബന്ധിച്ച്

SC/ST(POA) ആക്റ്റ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണത്തിൽ താഴെപറയുന്ന ചില അപാകതകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇനി മേൽ അത്തരം അപാകത ഉണ്ടാകാതിരിക്കാൻ ഇനിപ്പറയുന്ന നിർദേശങ്ങൾ അന്വേഷണത്തിലും കേസിന്റെ തുടർ നടപടികളിലും പാലിക്കേണ്ടതാണ്.

1. IPC പ്രകാരമുള്ള കുറ്റകൃത്യതോടൊപ്പം SC/ST ആക്റ്റ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ കൂടി ചേർത്ത് FIR രജിസ്റ്റർ ചെയ്യുകയും അന്വേഷണ ഘട്ടത്തിൽ SC/STആക്റ്റിന്റെ ഘടകങ്ങൾ വരത്തക്കവണ്ണം സാക്ഷിമൊഴികൾ രേഖപ്പെടുത്താതെ ചാർജ്ഷീറ്റ് ഹാജരാക്കുന്നത് മൂലം SC/STആക്റ്റ് പ്രകാരം പ്രതിക്ക് ശിക്ഷ ലഭിക്കാതെ പോകുന്നു.
2. 7 വർഷത്തിൽ കൂടുതൽ ശിക്ഷ കണക്കാക്കിയിട്ടുള്ള IPC കുറ്റകൃത്യം SC/ST വിഭാഗങ്ങൾക്കെതിരെ ഉണ്ടായാൽ ആയതിന്' SC/ST ആക്റ്റ് Se (2)(v) പ്രകാരം കേസ് എടുക്കണം. അന്വേഷണത്തിൽ ഈ വകുപ്പ് ആകർഷിക്കുന്നതിനുള്ള ഘടകങ്ങൾ അടങ്ങിയ സാക്ഷിമൊഴികൾ രേഖപ്പെടുത്തേണ്ടതും ആയത് ചാർജ് ഷീറ്റിനോടൊപ്പം ഹജരക്കേണ്ടതുമാണ്.എന്നാൽ പല കേസിലും അന്വേഷണ ഉദ്യോഗസ്ഥർ ശരിയായ അന്വേഷണം നടത്തുന്നില്ല.ഇത് അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.
3. 2014 ലെ SC/ST (POA) ഭേദഗതി പ്രകാരം വിവിധ വകുപ്പുകളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പുതുതായി അന്വേഷണം നടത്തുന്ന കേസുകളിൽ വരേണ്ടതാണ്.ഈ വസ്തുത കണക്കിലെടുക്കാതെ കുറ്റപത്രം സമർപ്പിച്ചാൽ ആയതിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതാണ്.
4. SC/ST (POA) ആക്റ്റ് പ്രകാരം കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകളിൽ പ്രസ്തുത വകുപ്പ് പ്രകാരം പ്രതികൾ ശിക്ഷിക്കപ്പെട്ടില്ലെങ്കിൽ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ധനസഹായം നൽകുന്നതിൽ സാങ്കേതികമായ ബുദ്ധിമുട്ട് ഉണ്ടാകുന്നതാണ്.
5. അതിക്രമം തടയൽ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുമ്പോൾ മൊഴിയിലെ ഘടകങ്ങൾ പ്രകാരം ഉള്ള വകുപ്പുകൾ FIR ൽ രേഖപ്പെടുത്തേണ്ടതും അത് പ്രകാരം കൃത്യമായ അന്വേഷണം നടത്തേണ്ടതുമാണ്.
6. ആദ്യമൊഴി രേഖപ്പെടുത്തുന്ന സമയത്ത് തന്നെ കാലതാമസം കൂടാതെ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആവശ്യമെങ്കിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ് .
7. അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന മിക്ക കേസുകളിലും പരാതിക്കാരുടെ ആദ്യ മൊഴി (FIS) രേഖപ്പെടുത്തുന്നത് കേസിന് ആസ്പദമായ സംഭവം നടന്ന് പല ദിവസങ്ങളും കഴിഞ്ഞാണ്.മിക്ക കേസുകളും ജില്ലാ പോലീസ് മേധാവിക്ക് നൽകുന്നതായാണ് കാണുന്നത്.അതിനു കാരണം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയാൽ കൃത്യമായി കേസ് രജിസ്റ്റർ ചെയ്യാത്തതിനാലാണ്.വൈകി രേഖപ്പെടുത്തുന്ന പരാതി പ്രോസിക്യൂഷനെ പ്രതികൂലമായി ബാധിക്കും.
8. SC/ST അതിക്രമം തടയൽ നിയമം 1995, റൂൾ 7 പ്രകാരം കേസ് അന്വേഷണം നടത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ പോലീസ് മേധാവി നിശ്ചയിക്കുന്ന DySP ആണ്.അതിൽ കുറഞ്ഞ റാങ്കുള്ള പോലീസ് ഉദ്യോഗസ്ഥന് ടി കേസ് അന്വേഷിക്കാൻ നിയമപരമായി അധികാരമില്ല.എന്നാൽ ASI മുതലായ ഉദ്യോഗസ്ഥരെകൊണ്ട് കേസ് അന്വേഷിപ്പിക്കുന്നതായി കാണുന്നു.ഇത് കേസ് അന്വേഷണത്തിന്റെ പ്രാധാന്യത്തെ ഇല്ലാതാക്കുകയും കേസിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

K10-60310/2014/PHQ

126b1a

9. അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ 30 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിയമം അനുശാസിക്കുന്നു എങ്കിലും മിക്ക കേസുകളിലും അങ്ങനെ ചെയ്യുന്നതായി കാണുന്നില്ല.

SC/ST POA ആക്ട് പ്രകാരമുള്ള കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയും, ചെയ്യുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ ഉണ്ടാകാത്ത രീതിയിൽ കേസന്വേഷണം നടത്തേണ്ടതും ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി, റേഞ്ച് ഐ ജി പി , എ ഡി ജി പി (സോൺ) എന്നിവർ ആയത് ഉറപ്പുവരുത്തേണ്ടതും ആണ് . ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ച ഗൌരവമായി കാണുന്നതാണ്..

ബാലസുബ്രമണ്യൻ കെ എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ സോണൽ എ ഡി ജി പി മാർക്കും/എല്ലാ റേഞ്ച് ഐ ജി പി മാർക്കും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും

പകർപ്പ് : എല്ലാ ഡി സി ർ ബി/എസ്.എം.എസ് ഡി /വൈ എസ് പി മാർക്കും. മേൽ പറഞ്ഞ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

K10-60310/2014/PHQ

126b1a